171/191 എന്ന സർക്കാർ സംഘടനയ്ക്ക് 1996-2020 വരെ എത്ര പ്രോജക്ടുകൾക്കാണ് ധനസഹായം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അത്തരത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും പ്രോജക്ടുകളുടെ വിശദവിവരങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) PAD(Kerala) വഴി എത്ര പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നടപ്പിലാക്കിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കിയ വർഷം, മാസം, തീയതി എന്നിവ വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സർക്കാരിതര സംഘടനയ്ക്ക് പ്രോജക്ട് നം.0414/0015/97-98 RSP/SSZ/dtd 15-05-1998 എന്ന സ്കീമിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ടി സ്കീമിന്റെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ സംഘടനയുടെ പേരിൽ തുകകൾ കൈപ്പറ്റിയ ആളുകളുടെ വിവരങ്ങൾ വിശദമാക്കാമോ?

(ബി-ഡി) 12 വർഷം മുമ്പ് നിർത്തലാക്കിയ സ്ഥാപനമായതിനാൽ PAD(K) വഴി നടപ്പിലാക്കിയ പദ്ധതികളേയും സഹായങ്ങളെയും സംബന്ധിച്ച രേഖകൾ സർക്കാരിൽ ഇപ്പോൾ ലഭ്യമല്ല.

ഗുരുവായൂർ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. റോഡ് പദ്ധതികൾ

366 (366) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) ഇനിയും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഓരോ പ്രവൃത്തിയിലും സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പുണ്യാർക്കുളം ഗ്രാമപഞ്ചായത്തിലെ നാലപ്പാട്ട് റോഡ് വാർഡ് 11 എന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്നത്. ടി റോഡുൾപ്പെടുന്ന പ്രദേശം കോവിഡ് കണ്ടെയ്ൻമെന്റ് ഏരിയ ആയിരുന്നതിനാലും തുടർന്ന് മഴയായിരുന്നതിനാലുമാണ് പ്രവൃത്തി ചെയ്യുവാൻ സാധിക്കാതിരുന്നത്. മഴ മാറിയാലുടൻ പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

ടൗൺ പ്ലാൻ പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട സ്ഥലത്ത് പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി

367 (367) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ വികസന കാഴ്ചപ്പാടോടുകൂടി നിരവധി സ്റ്റാർട്ട് അപ്പുകൾ വിവിധങ്ങളായ ഏജൻസികൾ മുഖേന തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൗൺ പ്ലാൻ പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട സ്ഥലത്ത് പ്രോജക്ടുകൾ ആരംഭിക്കാൻ സംരംഭകർ തയ്യാറാകുമ്പോൾ നിശ്ചിത ദിവസങ്ങൾക്കകം നിയമാനുസൃതമായ അനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിന് അനുമതിക്കായി ഒരു അപേക്ഷ ലഭിച്ചാൽ, Town Planning Schemes നിലവിലുള്ള സ്ഥലമാണെങ്കിലും അല്ലെങ്കിലും കെട്ടിട നിർമ്മാണ (KMBR/KPBR-2019) ചട്ടം 13 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി 15 ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കണം. ഇതിൽ വീഴ്ച വന്നാൽ, അപേക്ഷകന് ചട്ടം 14 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപന കൗൺസിൽ/കമ്മിറ്റിയെ സമീപിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപന കൗൺസിൽ/കമ്മിറ്റി 30 ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കാൻ ചട്ട പ്രകാരം ബാധ്യസ്ഥമാണ്. ഈ കാലാവധിക്കുള്ളിൽ തീരുമാനമെടുക്കപ്പെടുന്നില്ലെങ്കിൽ, ചട്ടം 14(3) പ്രകാരം പെർമിറ്റ് deemed ആകുന്നതാണ്. ജില്ലാ ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനർ എന്നിവരിൽ നിന്നും layout approval/usage of plot/concurrence എന്നിവ ആവശ്യമായ നിർമ്മാണമാണെങ്കിൽ, അപേക്ഷകന് നേരിട്ട് ഈ ഓഫീസുകളിൽ അപേക്ഷിക്കാവുന്നതാണ്. ഇവിടെ ജില്ലാ ടൗൺ പ്ലാനർ 30 ദിവസത്തിനകവും ചീഫ് ടൗൺ പ്ലാനർ 60 ദിവസത്തിനകവും അപേക്ഷയിൽ തീരുമാനമെടുക്കാൻ ചട്ടം 5 (6(5)) പ്രകാരം ബാധ്യസ്ഥരാണ്.

(ബി) നിയമാനുസൃതമായ അനുമതി ലഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly